## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1426**

**12.07.2011** - ലെ മറുപടിയ്ക്ക്

# എം.പി., എം.എൽ.എ. ഫണ്ടുകളുടെ വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | **ശ്രീ. കെ.എം. മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| എ) | എം.പി., എം.എൽ.എ. ഫണ്ടുകളുടെ വിനിയോഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ വന്നുചേരുന്ന കാലതാമസം ഒഴിവാക്കുന്നതിനും എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എം.പി. മാരുടെ പ്രാദേശിക വികസന നിധി വിനിയോഗം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ ഖണ്ഡിക 3(13) പ്രകാരം ടി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവർത്തിക്കു ഭരണാനുമതി നൽകുന്ന ഉത്തരവിൽ അപ്രകാരം നടപ്പിലാക്കുന്ന പ്രവർത്തിയുടെപൂർത്തീകരണ കാലാവധി വ്യക്തമായി രേഖപ്പെടുത്ത ണമെന്നുനിഷ്കർഷിച്ചിട്ടുണ്ട്. പൂർത്തീകരണ സമയം ഒരു വർഷത്തിൽ കൂടുതൽ ആകരു തെന്നും ഏതെങ്കിലും കാരണ ത്താൽ ഒരു വർഷത്തിനകം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെങ്കിൽ അതിനുള്ള കാരണം കൂടി ഭരണാനുമതി നൽകുന്ന ഉത്തരവിൽ വ്യക്തമാക്കിയിരി ക്കണമെന്നും ടി മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. എം;ഇൽ.എ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് 20.11.2009-ലെ ജി.ഒ. (പി) നമ്പർ 18/2009/ഫിൻ. പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതിൻ പ്രകാരം 25 ലക്ഷം രൂപ വരെ എസ്റ്റിമേറ്റും പ്രവർത്തികൾ അനുമതി ലഭിച്ച് 6 മാസത്തിനുള്ളലും മാസത്തിനു ള്ളിലും 75 ലക്ഷം രൂപയ്ക്കു മുകളിലുള്ള പ്രവൃത്തികൾ അനുമതി ലഭിച്ച് 12 മാസത്തിനുള്ളിലും പണി പൂർത്തികരിക്കണമെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ എം.എൽ.എ.യുടെ നിർദ്ദേശം ലഭിച്ചാൽ നിർവ്വഹണ ഏജൻസിയിൽ നിന്നും പ്രവർത്തിയുടെ എസ്റ്റിമേറ്റ് വാങ്ങി ഭണരാനുമതി നൽകുന്നതി നുള്ള സമയ പരിധി45 ദിവസം എന്നുള്ളതു 30 ദിവസമായി കുറച്ചിട്ടുണ്ട്. അതുപോലെ തന്നെ അപ്രകാരം ഏറ്റെടുത്തുനടത്തുന്ന പ്രവർത്തിയുടെ പുരോഗതി 3 മാസത്തിലൊരിക്കൽ ബന്ധപ്പെട്ട എം.എൽ.എ.യെ അറിയിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| ബി) | എം.എൽ.എ. ഫണ്ടിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ടോ; | തൽക്കാലം പരിഗണനയിലില്ല. |
| സി) | ഓരോ സാമ്പത്തിക വർഷവും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുമോ; | എം.എൽ.എ. മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ അതാതു വർഷം പൂർത്തീകരിക്കുന്നതിനായി ജി.ഒ. (പി) 518/2009/ധന. തീയതി, 20.11.2009 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വിശദാംശം മുകളിൽ 'എ' യിൽ കൊടുത്തിയിരിക്കുന്നു. |
| ഡി) | പദ്ധതികൾ കൂടുതൽ ജനോപകാര പ്രദമാക്കുന്നതി നായി നിബന്ധനകളിൽ ഇളവും കൂടുതൽ സുതാര്യതയും കൈവരുത്തുന്നകാര്യം പരിശോധിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | മാനദണ്ഡങ്ങൾ പൊതുവായി ഇളവ് ചെയ്യുന്ന കാര്യം പരിഗണനയിലില്ല. പ്രത്യേക കേസുകളിൽ ഇളവ് നൽകുന്ന കാര്യത്തിൽ വിശദമായ പരിശോധനയ്ക്കു ശേഷം തീരുമാനമെടുക്കുന്നതാണ്. നടപടി ക്രമങ്ങളിൽ സുതാര്യത കൈവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**